31 052007

Vol-1,N0:8

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. ഡിവൈൻ ധ്യാനകേന്ദ്രം വെല്ലുവിളികൾ നേരിടണം.
02. ആസാമിലെ ഏറ്റവും പഴക്കമുള്ള ക്രിസ്തീയ ദേവാലയം പൊളിച്ചുമാറ്റുന്നു.
03. വിവാദ ചിത്രങ്ങൾക്കെതിരെ ക്രൈസ്തവരും
04. കേരളം വീണ്ടും പകർച്ചവ്യാധി ഭീതിയിൽ
05. ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ഉയർച്ചയ്ക്ക് കർമപദ്ധതി വരുന്നു.
06. 50: 50 അനുപാതം ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് എതിര്: മാർ പവ്വത്തിൽ.
07. മാർപാപ്പ യുവാക്കളോട്: സഭയ്ക്ക് നിങ്ങളെ ആവശ്യമുണ്ട്.
08. അക്രമങ്ങൾ വർദ്ധിക്കുന്നതോടൊപ്പം സഭയും വളരുന്നു: കാർഡിനൽ ടോപ്പോ.
09. നഴ്സിംഗ് സ്ഥാപനങ്ങളുടെ ഏജന്റുമാർ വല വീശുന്നു.

### 01. ഡിവൈൻ ധ്യാനകേന്ദ്രം വെല്ലുവിളികൾ നേരിടണം.

ലോകത്തിൽ ഏതെങ്കിലുമൊരു കോടതിക്കോ ഭരണകൂടങ്ങൾക്കോ തകർക്കാനാവുന്നതല്ല കത്തോലിക്കാ സഭയുടെ സേവനരംഗങ്ങളിലൂടെ സമർപ്പിതർ കാഴ്ചവെക്കുന്ന നന്മപ്രവർത്തികൾ. മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിനെതിരായി നാളുകളായി അവിടെ നടക്കുന്ന പ്രചരണവും ഊമക്കത്തിന്റ പേരിലുള്ള കേസുകളും കമ്മീഷന്റെ തെളിവെടുപ്പും എഫ്. ഐ. ആർ ഉം സഭയുടെ പ്രവർത്തനങ്ങളെ വിലകുറച്ച് കാണിക്കുന്ന ശ്രമമാണെങ്കിൽ അത് വെറും വ്യാമോഹമാണ്. നിയമത്തിന്റെ പരിരക്ഷ എല്ലാർക്കും നീതിപൂർവ്വം ലഭിക്കണമെന്ന പക്ഷക്കാരാണ് സഭാമക്കൾ. നീതി നടപ്പിലാക്കാനുള്ള ഏതൊരു നിയമനടപടികളെയും സ്വാഗതം ചെയ്യാൻ സഭ മടികാണിക്കാറില്ല.

മികച്ച സാമൂഹ്യ പ്രവർത്തകനുള്ള നാഷണൽലീഗൽ സർവ്വീസ് അതോറിറ്റിയുടെ ഈ വർഷത്തെ സർവന്റ് ഓഫ് പുവർ അവാർഡിന് അർഹനായ ഫാ.ജോർജ്ജ് പനയ്ക്കലിന്റെ സേവനങ്ങൾ കേരളസംഘടന അംഗീകരിച്ചതാണ്. സ്കൂളുകൾ, ആരാധനാലയങ്ങൾ, എയ്ഡ്സ്, രോഗി പരിചരണകേന്ദ്രം, മനോരോഗപരിചരണ കേന്ദ്രങ്ങൾ, ലഹരി വിമോചന കേന്ദ്രങ്ങൾ, അത്യാസന്ന പരിചരണകേന്ദ്രങ്ങൾ, ആശുപത്രികളിലെ സൗജന്യ ഭക്ഷണ വിതരണം തുടങ്ങിയ നിസ്വാർത്ഥ സേവനങ്ങളിലൂടെ ലക്ഷക്കണക്കിന് ജനങ്ങളെ ജീവിതത്തിലേയ്ക്ക് കൈപിടിച്ച് നടത്തിയ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളോട് ഈ സന്ദർഭത്തിൽ ഐക്യ ദാർഢ്യം പ്രഖ്യാപിക്കുന്നു. (Kerala Sabha 01-05-2007)

### 02. ആസാമിലെ ഏറ്റവും പഴക്കമുള്ള ക്രിസ്തീയ ദേവാലയം പൊളിച്ചുമാറ്റുന്നു.

ആസാം തലസ്ഥാനമായ ഗുവാഹതിയിൽ 162 വർഷം പഴക്കമുള്ള ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച് പൊളിച്ചു മാറ്റാൻ സർക്കാർ നോട്ടീസ്. ഗുവാഹതി മെട്രോ പോലിറ്റൻ ഡവലപ്മെന്റ് അതോറിറ്റിക്ക് ബഹുനില പാർക്കിംഗ് സൗകര്യം പണിയാൻ ഈ സ്ഥലം കൈമാറാൻ ആവശ്യപ്പെട്ടാണ് നോട്ടീസ്. നോർത്ത് ഈസ്റ്റ് ഇന്ത്യയിലെ ബാപ്റ്റിസ്റ്റ് സഭകളുടെ ഹെഡ്ക്വാർട്ടേഴ്സുമാണ് നിലവിലുള്ള ഈ കെട്ടിടം. 1845-ൽ റവറന്റ് സൈറസ് സർക്കാരാണ് ഈ പള്ളി പണിതത്. വാർ മെമ്മോറിയൻ ചർച്ച് എന്ന പേരിലാണ് ഇത് അറിയപ്പെട്ടിരുന്നത്. സൗത്ത് ഏഷ്യയിലെ ബാപ്റ്റിസ്റ്റ്സഭകളിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള (10 ലക്ഷം വിശ്വാസികൾ) സമൂഹമാണ്. സി. ബി. സി.

എൻ. ഇ. ഐ (കൗൺസിൽ ഓഫ് ബാപറ്റിസ്റ്റ് ചർച്ചസ് ഇൻ നോർത്ത് ഈസ്റ്റ് ഇന്ത്യാ ബാപ്റ്റിസ്റ്റ് മിഷണറിയായ മൈൽസ് ബ്രോസണാണ്). വടക്ക് കിഴക്കൻ ഇന്ത്യയിലെ ബാപ്റ്റിസ്റ്റ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ആസാമിന് ഭാഷയിലെ ആദ്യത്തെ നിഘണ്ടുവും അദ്ദേഹമാണ് പുറത്തിറക്കിയത്. ഈ പ്രദേശങ്ങളിൽ ബംഗാളി ഭാഷ ഔദ്യോഗിക ഭാഷയായി മാറ്റാൻ അന്നത്തെ ബ്രിട്ടീഷ് സർക്കാർ തീരുമാനിച്ചപ്പോൾ ആസാമീസ് ഭാഷയ്ക്ക് വേണ്ടി ശക്തമായി വാദിച്ചയാളാണ് ബ്രോസ്. 1836-ൽ ഇവിടെ പ്രവർത്തനം ആരംഭിച്ച അമേരിക്കൻ ബാപ്റ്റിസ്റ്റ് മിഷൻ 1846-ൽ ആദ്യത്തെ ഭാഷ ദിനപത്രം പ്രസിദ്ധീകരണമാരംഭിച്ചു. ഈ പ്രദേശങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആത്മീകവുമായ വളർച്ചയ്ക്ക് വലിയ സംഭാവനകളാണ് ബാപ്റ്റിസ്റ്റ് സമൂഹം നൽകിയിട്ടുള ളത്. പള്ളി പൊളിച്ചു മാററാതിരിക്കാൻ സഭാ അധികാരികൾ ആസാം മുഖ്യമന്ത്രി തരു ഗോഗോയിയെ കണ്ടു വെങ്കിലും കാര്യമായ ഉറപ്പുകളൊന്നും ലഭിച്ചില്ലെന്നാണ് അറിയുന്നത്.

(Marupacha 01-05-2007)

03. വിവാദ ചിത്രങ്ങൾക്കെതിരെ ക്രൈസ്തവരും

വഡോദരയിലെ ഒരു ചിത്രകലാ വിദ്യാർത്ഥി വരച്ച ചിത്രങ്ങൾക്കെതിരെ ഗുജറാത്തിൽ ഹിന്ദു സംഘ ടനകൾ നടത്തുന്ന പ്രതിഷേധങ്ങളിൽ ക്രൈസ്തവരും പങ്കു ചേരുന്നു. ചന്ദ്രമോഹൻ എന്ന വിദ്യാർത്ഥി, തന്റെ അവസാന വർഷ പരീക്ഷയുടെ ഭാഗമായി വരച്ച ചിത്രങ്ങളിൽ ക്രിസ്തുവിനെ അവഹേളിക്കുന്ന ചിത്രങ്ങളും ഉളളതാണ് കാരണം. ഹിന്ദു സംഘടനകൾ ചിത്രകാരനെ കൈയേറ്റം ചെയ്തതായി ആരോപണമുണ്ട്. ക്രിസ്ത്യൻ പ്രതിഷേധ സംഘം ചിത്ര പ്രദർശനം നടന്ന വേദിക്കു പുറത്തു പ്രകടനം നടത്തുകയും ചിത്രകാരനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റ് അധികാരികൾക്ക് നിവേദനം നൽകുകയും ചെയ്തു. ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും മതവികാരങ്ങളെ വ്രണപ്പെടുത്തിയെന്ന കുറ്റത്തിന്മേൽ പോലീസ് ചന്ദ്രമോഹനെ അറസ്റ്റു ചെയ്യുകയും പിന്നീട് ജാമ്യത്തിൽ വിടുകയും ചെയ്തു. മതചിഹ്നങ്ങളെ ദുരുപയോഗി ക്കുന്ന ഇത്തരക്കാരുടെ പ്രവണതകൾക്കെതിരെ ക്രിസ്ത്യൻ സംഘടനകൾ ചേർന്ന് ഒരു പ്രാർത്ഥനാ സമ്മേ ളനം സംഘടിപ്പിക്കണമെന്നുണ്ടെന്ന് മെത്തോഡിസ്റ്റ് പാസ്റ്റർ ഇമ്മാനുവേൽ കാന്റ് അറിയിച്ചു. ആവിഷ്കാര സ്വാതന്ത്ര്യത്തിൽ ക്രൈസ്തവരും വിശ്വസിക്കുന്നുവെങ്കിലും മതവിശ്വാസത്തെ അധിക്ഷേപിക്കാനുള്ള സ്വാത ന്ത്ര്യമാണ് ഇതെന്നു കരുതുന്നില്ലെന്ന് റവ. കാന്റ് പറഞ്ഞു. എന്നാൽ രാഷ്ട്രീയ നേട്ടങ്ങൾ കൈവരിക്കുന്ന തിന് നിക്ഷിപ്ത താത്പര്യക്കാർ നടത്തുന്ന പ്രക്ഷോഭങ്ങൾ പൊതു താത്പര്യമായി വ്യാഖ്യാനിക്കപ്പെടുന്നതു കത്തോലിക്കാ സ്കൂളിന്റെ പ്രിൻസിപ്പലായ ഫാ. ജോളി നടുക്കുഴിയിൽ പറഞ്ഞു. (Sathyadeepam 23-05-2007)

04. കേരളം വീണ്ടും പകർച്ചവ്യാധി ഭീതിയിൽ

കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ചിക്കൻഗുനിയക്ക് പിന്നാലെ ആശങ്കയുണർത്തി ഡെങ്കിപ്പനിയും മഞ്ഞപ്പിത്തവും വൈറൽപ്പനിയും വ്യാപകമായി. കോട്ടയം ജില്ലയിൽ പതിനാലായിരം പേർ ആശുപത്രികളിൽ ചികിത്സ തേടിയെത്തി. സ്ഥിതി ആശങ്കാ ജനകമായതോടെ പകർച്ചപ്പനിയെക്കുറിച്ച് പഠി ക്കാനും പ്രതിരോധ നടപടി സ്വീകരിക്കാനുമായി കേന്ദ്ര വിദഗ്ധ സംഘം കേരളത്തിലെത്തും. പോണ്ടിച്ചേരി യിലെ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസേർച്ചിലെ ( ഐ. സി. എം. ആർ) വിദഗ്ധരുൾപ്പെടുന്ന താണ് സംഘം. കഴിഞ്ഞ വർഷത്തേക്കാൾ ചിക്കൻ ഗുനിയ ബാധിതരുടെ എണ്ണം ഇക്കൊല്ലം ഉയരുമെന്ന താണ് നിഗമനം. അന്ന് ചിക്കൻഗുനിയ ബാധിച്ചവരിൽ 20 ശതമാനത്തിന് ഇപ്പോഴും രോഗലക്ഷണമുണ്ട്. പുതിയ സാഹചര്യം നേരിടാനാകാതെ ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ്. ആശുപത്രികളിൽ രോഗികളുടെ എണ്ണം പെരുകിയതോടെ കിടത്തി ചികിത്സിക്കാതെ മരുന്ന് നൽകി വിടുകയാണ് അധികൃതർ.

(Mangalam 25-05-2007)

05. ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ ഉയർച്ചയ്ക്ക് കർമപദ്ധതി വരുന്നു.

നഗരത്തിന്റെ സാമൂഹിക ജിവിതത്തിൽ ലത്തീൻ കത്തോലിക്ക സമുദായം നേരിടുന്ന വെല്ലുവിളി കൾക്ക് പരിഹാരം കാണുമെന്നു പ്രഖ്യാപിച്ച് കെ. എൽ. സി. എ വരാപ്പുഴ അതിരൂപത കർമപദ്ധതി. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മണ്ഡലങ്ങളിൽ സമുദായം നേരിടുന്ന വെല്ലുവിളികൾ അപഗ്രഥിക്കാൻ ഒക്ടോ ബർ 20., 21 തീയതികളിൽ അതിരൂപത ലാറ്റിൻ കാത്തലിക്ക് കൺവെൻഷൻ പ്രത്യേകം യോഗം ചേരും. വിദ്യാ ഭ്യാസക്കുറവും അറിവില്ലായ്മയുമാണ് സമുദായം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്നു കർമപദ്ധതി പ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത സഹായ മെത്രാൻ ഡോ. ജോസഫ് കാരിക്കശ്ശേരി അഭിപ്രായ

പ്പെട്ടു. അടിസ്ഥാന വർഗ്ഗത്തിന്റെ തൊഴിൽ പ്രശ്നങ്ങൾക്ക് മുൻഗണന നൽകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സമുദായത്തിന്റെ അനൈക്യം വളർച്ചയെ പ്രതികൂലമായി ബാധിക്കും. ഐക്യത്തിനു വേണ്ടിയാവണം കർമപദ്ധതിയുടെ ഊന്നലുകൾ. പിന്നോക്കാവസ്ഥ തുടരുന്നതിന്റെ ഒരു പ്രധാന കാരണവും അനൈക്യമാണ്.സമുദായം ഒരുമിക്കുന്നത് കാണാൻ ഇഷ്ടപ്പെടാത്ത ഒരുകൂട്ടർ നമുക്ക് ചുറ്റുമുണ്ട്. സമുദായ നേതാക്കൾക്ക് വ്യാമോഹങ്ങൾ നൽകി വഴി തെറ്റിക്കുന്നത് ഇത്തരക്കാരണെന്നും ബിഷപ്പ് ചൂണ്ടിക്കാട്ടി.

സംഘടനയുടെ ദൗത്യവും ദർശനവും പ്രചരിപ്പിക്കാനുള്ള റിസോഴ്സ് ടീമുകളെ സജ്ജാരാക്കുക, അൽമായ പ്രേഷിതത്വത്തിനായുള്ള ഇടവകതല സെമിനാറുകൾ സംഘടിപ്പിക്കുക. മേഖല സമ്മേളനങ്ങൾ നടത്തുക, രൂപതാ കെ. എൽ. സി. എയുടെ റൂബി ജൂബിലി ആഘോഷം, വനിതാ സമ്മേളനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ , വല്ലാർപാടം തീർത്ഥാടനം, പാദയാത്ര, കാത്തലിക് കൺവെൻഷനുകൾ, സാമൂഹിക നീതി ദിനാചരണം എന്നിവയാണ് കർമപദ്ധതിയിലെ പ്രധാന ഇനങ്ങൾ. (Malayala Manorama 28-05-2007)

06. <u>50: 50 അനുപാതം ഭരണഘടന നൽകുന്ന അവകാശങ്ങൾക്ക് എതിര്: മാർ പവ്വത്തിൽ.</u>

സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 50: 50 അനുപാതം അനുവർത്തിക്കാൻ ന്യൂനപക്ഷ സ്ഥാപനങ്ങളെ നിർബന്ധിക്കുന്നത് ശരിയല്ലെന്ന് ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡന്റ് ആർച്ച് ബിഷപ്പ് ജോസഫ് പൗവത്തിൽ. ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നൽകുന്ന അവകാശങ്ങൾക്ക് എതിരായ നിലപാടാണിത്. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ സ്ഥാപനങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി പ്രവേശനം നൽകാനുള്ള അവകാശമുണ്ട്. 50:50 അനുപാതം ന്യൂനപക്ഷ കോളേജുകൾ അംഗീകരിച്ചാൽത്തന്നെ കോടതിയിൽ ചോദ്യം ചെയ്താൽ ഈ നിലപാടു തള്ളപ്പെടും. ക്രോസ് സബ്സിഡി പാടില്ല എന്ന പതിനൊന്നാം ഭരണഘടനാ ബഞ്ചിന്റെ വിധി തീർപ്പിനു കടകവിരുദ്ധമായ നിലപാടാണിത്. അതിനാലാണ് ഇതിനു നിയമസാധുതയില്ലാത്തത്.

സുപ്രീം കോടതിയുടെ 93-ലെ ഉണ്ണികൃഷ്ണൻ കേസിലെ വിധിയുടെ അടിസ്ഥാനത്തിലാണ് 50:50 എന്ന അനുപാതത്തിനു രൂപം നൽകിയത്. വിധിക്കെതിരെ ന്യൂനപക്ഷ വിഭാഗങ്ങൾ നൽകിയ ഹർജിയെത്തുടർന്ന് സുപ്രീം കോടതി തന്നെ ഈ വിധി റദ്ദാക്കിയിട്ടുണ്ട്. അതിനാൽ ഇതിനെ അടിസ്ഥാനമാക്കിയുള്ള അനുവാദവും കാലഹരണപ്പെട്ടതാണ്. സഭകളുടെ സ്ഥാപനങ്ങൾക്ക് തങ്ങളുടെ യോഗ്യരായ വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകേണ്ടതുണ്ട്. സ്വാകാര്യ സ്ഥാപനങ്ങൾക്ക് ഇങ്ങനൊരു സാധ്യതയില്ല. അതിനാൽ ക്രോസ് സബ്സിഡി നൽകുന്നതിന് അവർക്ക് ബുദ്ധിമുട്ടുണ്ടാകില്ല. അതുകൊണ്ട് 50:50 അനുപാതം എല്ലാ സ്ഥാപനങ്ങളുടെയും മേൽ അടിച്ചേൽപിക്കുന്നത് നീതിയുക്തമല്ല. ന്യൂനപക്ഷ സ്ഥാപനങ്ങൾ തങ്ങളുടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനാണ് ശ്രമിക്കുന്നത്. പല സ്ഥലങ്ങളിലും സാമുദായിക അനുപാതം പല രീതിയിലായിരിക്കും. അതിനാൽ പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്തുവേണം പ്രവേശനം ക്രമീകരിക്കേണ്ടത്. അതല്ലാതെ നിയമപരമായോ, യുക്തിയുടെ പിൻബലമില്ലാത്തതോ, യഥാർഥബോധമില്ലാത്തതോ ആയ നിലപാടുകൾ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത് നീതിയുക്തമല്ല; പ്രസ്താവനയിൽ പറയുന്നു.

(Mangalam 28-05-2007)

07. <u>മാർപാപ്പ യുവാക്കളോട്: സഭയ്ക്ക് നിങ്ങളെ ആവശ്യമുണ്ട്.</u>

പരിശുദ്ധ പിതാവിന്റെ ബ്രസീൽ സന്ദർശനത്തിന്റെ ആദ്യദിവസം മാർപാപ്പ യുവാക്കളുടെ ഒരു സമ്മേളത്തിൽ പങ്കെടുത്തു. പരിസ്ഥിതി സംരക്ഷണം, വിശുദ്ധ ജീവിതം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മാർപാപ്പ സംസാരിച്ചു. നിത്യജീവൻ അവകാശമാക്കാൻ താൻ എന്തു ചെയ്യണം എന്ന് ആരാഞ്ഞ ധനികനായ യുവാവിനെക്കുറിച്ചുള്ള സുവിശേഷത്തെ അടിസ്ഥാനപ്പെടുത്തിയാണ് പരിശുദ്ധ പിതാവ് സംസാരിച്ചത്. അവനുള്ളതെല്ലാം വിറ്റ് തന്നെ അനുഗമിക്കാൻ ഈശോ പറഞ്ഞപ്പോൾ ആ യുവാവ് ദുഃഖിതനായി തിരിച്ചു പോയി. യുവാവിന്റെ ചോദ്യം ഭാവിയെ മാത്രം സംബന്ധിക്കുന്നതല്ല. മറിച്ച് ഇന്ന്, ഇവിടെ ചെയ്യേണ്ട ദൗത്യത്തെക്കുറിച്ചാണിത്. പരിശുദ്ധ പിതാവ് പറഞ്ഞു. ചുരുക്കത്തിൽ, ജീവിതത്തിന്റെ അർത്ഥത്തെ സംബന്ധിക്കുന്ന ചോദ്യമാണിത്. എന്റെ ജീവതം വെറുതെ പാഴാകാതിരിക്കാൻ ഞാനെന്തു ചെയ്യണം ? ഈശോയ്ക്ക് മാത്രമേ ഈ ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം നൽകാൻ സാധിക്കൂ. കാരണം അവനു മാത്രമേ ഈ ലോക ജീവൻ ഉറ

പ്പാക്കാൻ സാധിക്കൂ. അവന് മാത്രമേ ഈ ലോക ജീവിതത്തിന്റെ യഥാർത്ഥ  അർത്ഥം കാണിച്ചു തരാനും അതിന് പൂർണ്ണത പകർന്നു നൽകാനും കഴിയൂ. ഈശോയുടെ ഉത്തരം ദൈവത്തിന്റെ അനന്ത നന്മയിലുള്ള ഉറപ്പിൽ ഊന്നിയുള്ളതാണ്.  നല്ലതെന്തെന്ന് മനസ്സിലാക്കാൻ നമുക്ക് മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. സഭ പല അവസരങ്ങളിലും, പ്രത്യേകിച്ച് മതബോധനത്തിൽ, ഈ സഹായമാണ് നൽകുന്നത്.  പരിശുദ്ധ പിതാവ് വിശദീകരിച്ചു. ദൈവപ്രമാണങ്ങൾ പാലിക്കുന്നവർ ദൈവത്തിലേക്ക് നയിക്കുന്ന വഴിയിലൂടെയാണ് സഞ്ചരിക്കുന്നത്. മാർപാപ്പ യുവജനങ്ങളോട് പറഞ്ഞു. (Deepamnalam 17-05-2007)

## 08. അക്രമങ്ങൾ വർദ്ധിക്കുന്നതോടൊപ്പം സഭയും വളരുന്നു: കാർഡിനൽ ടോപ്പോ.

ഇന്ത്യയിൽ ക്രൈസ്തവ വിരുദ്ധ അക്രമങ്ങൾ വർദ്ധിക്കുന്നതായി കാണുമ്പോൾത്തന്നെ, സഭ ശക്തമായി വളരുന്ന കാഴ്ചയും കാണുന്നുണ്ടെന്നും ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ അദ്ധ്യക്ഷൻ കാർഡി. ടെലസ്ഫോർ പി. ടോപ്പോ പ്രസ്താവിച്ചു. ക്രൈസ്തവരുടെ വളർച്ച തടയുക എന്ന ഉദ്ദേശ്യത്തോടെ ആസൂത്രണം ചെയ്യപ്പെടുന്നവയാണ് ഈ അക്രമങ്ങൾ. പക്ഷെ,  ഇന്ത്യയിലെ ക്രൈസ്തവർ മറ്റെന്നത്തേക്കാളും ശക്തിയും ഐക്യവും ഉള്ളവരാണ് ഇപ്പോൾ  കാർഡിനൽ പറഞ്ഞു. ക്രൈസ്തവർക്കെതിരെ ഏതാനും അക്രമ സംഭവങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെട്ട പശ്ചാത്തലത്തിൽ കാർഡിനൽ ഒരു സന്ദേശം പുറപ്പെടുവിക്കുകയായിരുന്നു. ഈ വാർത്തകൾ കേട്ടുതള്ളരുതെന്നും സാമൂഹ്യപങ്കാളിത്തം അല്പവും കുറയ്ക്കരുതെന്നും കാർഡിനൽ ആവശ്യപ്പെട്ടു. സമൂഹത്തോടുള്ള പ്രതിബദ്ധതയിൽ ഒരു വിട്ടുവീഴ്ചയും ഈ അക്രമങ്ങളുടെ പേരിൽ വരുത്താൻ സഭ ഉദ്ദേശിക്കുന്നില്ലെന്നും സി. ബി. സി. ഐ പ്രസിഡന്റ് വിശദീകരിച്ചു. പ്രകൃതിദുരന്തങ്ങളുണ്ടായപ്പോഴും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും സഭ പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രതിബദ്ധത അഭംഗുരം തുടരും. ഭാരതത്തിലെ ക്രൈസ്തവർ പരിഭ്രാന്തരല്ല. തങ്ങൾ തിരഞ്ഞെടുത്ത അധികാരികളിൽ വിശ്വാസം പ്രകടിപ്പിക്കേണ്ട സന്ദർഭമാണിത്. അവരോടൊപ്പം ചേർന്ന് ഈ പ്രശ്നങ്ങൾക്കു പരിഹാരം നേടുകയാണ് വേണ്ടത്-കാർഡിനൽ പറഞ്ഞു.

(Satyadeepam 23-05-2007)

## 09. നഴ്സിംഗ് സ്ഥാപനങ്ങളുടെ ഏജന്റുമാർ വല വീശുന്നു.

അന്യസംസ്ഥാനങ്ങളിലേക്ക് പഠന വാഗ്ദാനം നൽകി വിദ്യാർത്ഥികളെ തട്ടിപ്പിനിരയാക്കുന്ന സംഘങ്ങൾ മലയോരമേഖലയിൽ വീണ്ടും സജീവമായി. കർണാടകത്തിലെ നഴ്സിംഗ് സ്ഥാപനങ്ങളിലേക്കുള്ള ഏജന്റുമാരായി പ്രവർത്തിച്ചാണ് പലരും തട്ടിപ്പു നടത്തുന്നത്. ഹയർസെക്കൻഡറി ഫലം പുറത്തു വന്നതോടെ ഏജൻസികൾ സജീവമായിരിക്കുകയാണ്. നഴ്സിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്കുള്ള വിദേശമാർക്കറ്റും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമുള്ള താത്പര്യവും മുതലെടുത്താണ് ഏജന്റുമാർ വലവിരിക്കുന്നത്. ഉയർന്ന സൗകര്യവും അംഗീകാരമുള്ള സ്ഥാപനത്തിലെ പഠനവും ഏജന്റുമാർ വാഗ്ദാനം നൽകുന്നു. ഉന്നത പഠനത്തിനുള്ള ഗൈഡ് ലൈൻ നൽകുന്ന സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കുന്നവയുമുണ്ട്. കോളേജിന് നൽകേണ്ടുന്ന യഥാർത്ഥ ഡൊണേഷന്റെ ഇരട്ടിയാണ് പലപ്പോഴും ഏജന്റുമാർ കൈപറ്റുന്നത്. ഏജൻറുമാരും സബ് ഏജന്റുമാരുമായി വൻനിര തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളിൽ മുൻകൂട്ടി ബുക്ക് ചെയ്ത് സ്വന്തമാക്കിയ സീറ്റുകളിലേക്കാണ് ഏജന്റുമാർ വിദ്യാർത്ഥികളെ ചാക്കിടുന്നത്. നാട്ടിൻപുറങ്ങളിൽ വിദ്യാർത്ഥികളെ സമീപിക്കുന്നത് സബ് ഏജന്റുമാരാണ്. ഡൊണേഷനിൽ നിന്ന് ഒരു നിശ്ചിത തുക ഏജന്റുമാർ കമ്മീഷൻ പറ്റുമ്പോൾ ചെറിയ ശതമാനം സബ് ഏജന്റുമാർക്കും ലഭിക്കുന്നു. ഒരു ലക്ഷം സംഭാവന വാങ്ങുന്ന നഴ്സിംഗ് സീറ്റിന് 10000 രൂപയാണ് ഏജൻസി കമ്മീഷൻ.

പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ അഡ്മിഷൻ വാങ്ങിതരാമെന്ന് പറഞ്ഞാണ് ഏജന്റുമാർ തുക കൈപറ്റുന്നതെങ്കിലും പലപ്പോഴും ഉൾനാടൻ സ്ഥാപനങ്ങളിലേക്കാണ് വിദ്യാർത്ഥികൾ എത്തിപെടുന്നത്. വാഗ്ദാനത്തിനനുസരിച്ചുള്ള സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്നും പരാതി പറഞ്ഞാൽ പീഡിപ്പിക്കുന്നുവെന്നുമുള്ള ആരോപണവും വ്യാപകമായുണ്ട്. തുക വാങ്ങി സീറ്റു നൽകാതെ വഞ്ചിക്കുന്നവരും ഏറെ. മലയോര മേഖല കേന്ദ്രീകരിച്ചാണ് ഇത്തരം സംഘങ്ങൾ ഏറെയുള്ളത്. അന്യസംസ്ഥാനത്ത് പഠിക്കുന്നവരും പഠിച്ചവരും ഏജന്റുമാരാകുന്നതും കുറവല്ല. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് കർണാടക സർക്കാർ പ്രസിദ്ധീകരിച്ചുവെങ്കിലും ഏജന്റുമാരുടെ പ്രവർത്തനത്തിന് കുറവു വന്നിട്ടില്ല. (Deshabhimani 28-05-2007)